# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3465 – 15/03/2018 ലെ മറുപടിക്ക്

### പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് വിഭവ സമാഹരണം

ചോദ്യം | ഉത്തരം


ശ്രീ. എ. പ്രദീപ്കുമാർ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. സി. കെ. ശശീന്ദ്രൻ
ശ്രീ. വി. ജോയി

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)


| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തെ പതിമൂന്നാം പഞ്ചവത്സര പദ്ധതിക്ക് രണ്ടു ലക്ഷം കോടിരൂപയുടെ വിഭവ സമ്പത്ത് സമാഹരിക്കേണ്ടത്, കേന്ദ്ര സർക്കാരിന്റെ നയങ്ങൾ മൂലം അഭിമുഖീകരിക്കുന്ന മാന്ദ്യം കാരണം പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | നോട്ടു നിരോധനം സൃഷ്ടിച്ച സാമ്പത്തിക അരക്ഷിതാവസ്ഥയും വേണ്ടത്ര അവധാനതയില്ലാതെ ജി.എസ്.ടി നടപ്പിലാക്കിയതു മൂലം റവന്യൂ വരവിലുണ്ടായ കുറവും മതിയായ വിഭവ സമാഹരണത്തിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. എങ്കിലും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും പദ്ധതി നടത്തിപ്പിനാവശ്യമായ വിഭവസമ്പത്ത് സമാഹരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| ബി | സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനം പ്രതീക്ഷിത തോതിൽ വളർച്ച നേടാനിടയായിട്ടുണ്ട്; സംസ്ഥാന പദ്ധതികൾക്കായുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ നിർത്തിയതും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള വിഹിതം കുറച്ചതും പദ്ധതി പ്രവർത്തനങ്ങളെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ; | കേന്ദ്ര സർക്കാർ, സംസ്ഥാന പദ്ധതികൾക്കായി നൽകി വന്നിരുന്ന ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance), സാധാരണ കേന്ദ്ര സഹായം (NCA) എന്നിവ നിർത്തലാക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഘടന പുനക്രമീകരിക്കുകയും കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുകയും ചെയ്തിരുന്നു. പുതിയ സംവിധാനം അനുസരിച്ച് ചില പദ്ധതികൾ മറ്റു പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഇതുമൂലം കേന്ദ്രാവിഷ്കൃത |

| | | |
|---|---|---|
| | | പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാന സർക്കാരിന് കൂടുതൽ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇത് പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിനായി സംസ്ഥാന സർക്കാർ വാർഷിക പദ്ധതിയിൽ ആവശ്യമായ തുക വകകൊള്ളിച്ചിട്ടുണ്ട്. |
| സി | ദീർഘകാലമായി പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികൾ അവലോകനം നടത്തി പുന:സംഘടിപ്പിക്കുന്നതിനും വിഭവത്തിന്റെ ആസൂത്രിത വിനിയോഗത്തിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ഓരോ വർഷവും വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുന്നോടിയായിട്ടുള്ള ചർച്ചകളിലും ബന്ധപ്പെട്ട വകുപ്പുമായി നടത്തുന്ന അവലോകന യോഗങ്ങളിലും പ്രവൃത്തി പൂർത്തിയാക്കാത്ത പദ്ധതികൾ പ്രത്യേകം അവലോകനം നടത്തുകയും വിഭവത്തിന്റെ ആസൂത്രിത വിനിയോഗത്തിന് വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.<br><br>ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (ഏ.ഡി.ബി) സഹായത്തോടെ ആരംഭിച്ച കേരള നഗര വികസന പദ്ധതി (കെ.എസ്.യു.ഡി.പി), കേന്ദ്രാവിഷ്കൃത പദ്ധതിയായ ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ.യു.ആർ.എം) എന്നീ പദ്ധതികളാണ് ദീർഘകാലമായി പ്രവൃത്തി പൂർത്തിയാകാത്തവയായി നഗര വികസന മേഖലയിൽ ഉണ്ടായിരുന്നത്.<br><br>കെ.എസ്.യു.ഡി.പി യ്ക്കുള്ള ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പാ കാലാവധി 30.06.2016 ൽ അവസാനിച്ചിരുന്നു. ഏ.ഡി.ബി യുമായുള്ള ഉടമ്പടി പ്രകാരം അംഗീകൃത പാക്കേജുകൾ നിർദ്ദേശിച്ച പ്രകാരം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി 2017-18 വർഷം സംസ്ഥാന ബഡ്ജറ്റിൽ നിന്നും ഈ |

| | | |
|---|---|---|
| | | പദ്ധതിക്കായി 8700 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br><br>ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ ദൗത്യം (ജെ.എൻ.എൻ.യു. ആർ.എം) 31.03.2017 ൽ അവസാനിച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തീകരിക്കുന്നതിലേക്കായി 2017-18 വർഷം സംസ്ഥാന ബഡ്ജറ്റിൽ നിന്നും 6300 ലക്ഷം രൂപ വകയിരുത്തിയിരുന്നു.<br><br>കൂടാതെ ദീർഘകാലമായി പ്രവൃത്തി പൂർത്തിയാക്കാത്ത ജലസേചന പദ്ധതികളുടെ അവലോകനത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് ഒരു സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ